"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എം.എൽ.എ. ആസ്തി വികസന ഫണ്ട് 2016-17 - പട്ടാമ്പി നിയോജക മണ്ഡലം - കാരക്കാട് റെയിൽവേ സ്റ്റേഷൻ റോഡ് പുനർ നിർമ്മാണം എന്ന പ്രവൃത്തി റദ്ദ് ചെയ്ത് - തിരുവേഗപ്പുറ ഗ്രാമ പഞ്ചായത്തിലെ മുത്തശ്ശ്യർ കാവ് - മാഞ്ഞാമ്പ്ര റോഡ് പുനർനിർമ്മാണം എന്ന പ്രവർത്തിയ്ക്ക് - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.989/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/05/2020

പരാമർശം:- 1 സ.ഉ.(സാധാ) നം. 2558/2017/തസ്വഭവ, തീയതി 24.07.2017.

2 സ.ഉ.(സാധാ) നം.1633/2019/ധന, തീയതി 05.03.2019

3 ബഹു. എം.എൽ.എ. ശ്രീ മുഹമ്മദ് മുഹ്സിൻ പി. അവർകളുടെ 24.11.2019-ലെ കത്ത്

4 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.11.2019-ലെ ഡിബി5/12068/2019/സിഇ/തസ്വഭവ നമ്പർ കത്ത്

**ഉത്തരവ്**

പട്ടാമ്പി നിയോജക മണ്ഡലത്തിലെ ഓങ്ങല്ലൂർ പഞ്ചായത്തിൽ കാരക്കാട് റെയിൽവേ സ്റ്റേഷൻ റോഡ് പുനർ നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവർത്തിയ്ക്ക് റയിൽവേയുടെ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ ടി ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ പ്രളയത്തിൽ തകർന്ന തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിലെ മുത്തശ്ശ്യർ കാവ് - മാഞ്ഞാമ്പ്ര റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തിയ്ക്ക് പ്രത്യേകാനുമതി നൽകണമെന്ന ബഹു. എം.എൽ.എ.യുടെ പരാമർശം (3) കത്തിന്റെ അടിസ്ഥാനത്തിൽ മുത്തശ്ശ്യർ കാവ് - മാഞ്ഞാമ്പ്ര റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റും അനുബന്ധ രേഖകളും പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർലഭ്യമാക്കിയിരുന്നു.

2. പട്ടാമ്പി നിയോജക മണ്ഡലത്തിലെ തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിലെ മുത്തശ്ശ്യർ കാവ് - മാഞ്ഞാമ്പ്ര റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തിയ്ക്ക് ബഹു. എം.എൽ.എ.യുടെ 2016-17-ലെ ആസ്തിവികസനപദ്ധതിയിൽ നിന്നും 15 ലക്ഷം രൂപ വിനിയോഗിക്കുവാൻ പരാമർശം (2) പ്രകാരം ധനകാര്യ വകുപ്പ് പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായ പരിശോധിച്ചു. പട്ടാമ്പി നിയോജക മണ്ഡലത്തിലെ ഓങ്ങല്ലൂർ പഞ്ചായത്തിൽ കാരക്കാട് റെയിൽവേ സ്റ്റേഷൻ റോഡ് പുനർ നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്ത്, പകരം തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിലെ മുത്തശ്ശ്യർ കാവ് - മാഞ്ഞാമ്പ്ര

റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തിയ്ക്ക് ബഹു. എം.എൽ.എ.യുടെ 2016-17-ലെ ആസ്തിവികസനപദ്ധതിയിൽ നിന്നും 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

4. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വകുപ്പ് സംബന്ധമായ നടപടി ക്രമങ്ങളും നിബന്ധനകളും പാലിക്കേണ്ടതാണ്. ആയത് സംബന്ധിച്ച ചെലവ് ''4515-00-800-96 പ്രൊജക്റ്റ്സ് അണ്ടർ എൽ.എ.സി.എ.ഡി.എസ്.'' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

ശ്രീ മുഹമ്മദ് മുഹ്സിൻ പി., എം.എൽ.എ, പട്ടാമ്പി.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് .
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
ധനകാര്യ (നോഡൽ സെന്റർ - സി) വകുപ്പ് .
സെക്രട്ടറി, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് .
സെക്രട്ടറി, തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് .
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ